പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3297 19.06.2018-ലെ മറുപടിക്ക്

**ആറ്റിങ്ങൽ - തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ**

ചോദ്യം

ശ്രീ.ബി.സത്യൻ

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജീവനക്കാർക്ക് രാവിലെ പത്ത് മണിക്ക് ഓഫീസിലെത്തുന്നതിനും തിരിച്ച് മടങ്ങുന്നതിനുമായി ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ബസ്സ്സ്റ്റാൻഡിൽ നിന്നും ആറ്റിങ്ങൽ - തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽ പെട്ടിട്ടില്ല.<br>രാവിലെ 07.50 മണി മുതൽ 09.00 മണി വരെ ആറ്റിങ്ങൽ നിന്നും മെഡിക്കൽ കോളേജ് ബൈപ്പാസ് വഴി തിരുവനന്തപുരത്തേയ്ക്ക് 24 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ ഓർഡിനറി, ഫാസ്റ്റ്, ജൻറം എന്നീ വിഭാഗം സർവ്വീസുകൾ ഉൾപ്പെടുന്നു. വൈകുന്നേരം തിരുവനന്തപുരത്ത് നിന്നും മെഡിക്കൽ കോളേജ്, ബൈപ്പാസ്, കേശവദാസപുരം വഴി 20 ട്രിപ്പുകൾ ആറ്റിങ്ങൽ വരെ സർവ്വീസ് നടത്തുന്നു. ടി സർവ്വീസുകൾ കൂടാതെ കണിയാപുരം, ചാത്തന്നൂർ, ചടയമംഗലം, കിളിമാനൂർ, കൊല്ലം, ഭാഗങ്ങളിൽ നിന്നും ആറ്റിങ്ങൽ വഴി രാവിലെ തിരുവനന്തപുരത്തേക്കും വൈകിട്ട് തിരിച്ചും സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ സിറ്റി, വികാസ് ഭവൻ ഡിപ്പോകളിൽ നിന്നും ആറ്റിങ്ങൽ വന്ന് തിരികെ തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തുന്നുണ്ട്. ഇവ കൂടാതെ തിരുവനന്തപുരത്ത് നിന്നും ദേശീയപാതയിലൂടെ ആറ്റിങ്ങൽ ഭാഗത്തേക്കും തിരിച്ചും വളരെ കുറഞ്ഞ ഇടവേളകളിൽ ദീർഘദൂര സർവ്വീസുകൾ നടത്തി വരികയാണ്. ആയതിനാൽ ആറ്റിങ്ങൽ - തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ ആരംഭിക്കുന്നത് കോർപ്പറേഷന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ഇത്തരം ഷെഡ്യൂളുകൾ ലാഭകരമായിരിക്കും എന്ന് കോർപ്പറേഷൻ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ